"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - പത്തനംതിട്ട ജില്ല - റോഡുകളുടെ പുനരുദ്ധാരണം - ഭരണാനുമതി ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.362/2025/DMD തീയതി,തിരുവനന്തപുരം, 30-05-2025

---

പരാമർശം:- 1. 27.03.2018 തീയതിയിലെ സ.ഉ.(കൈ)നം. 3/2018/ഡി.എം.ഡി

2. 29.03.2025 തീയതിയിലെ സ.ഉ.(സാധാ) നം. 190/2025/ഡി.എം.ഡി.

3.. ശ്രീ. ജിനീഷ് കുമാർ എം.എൽ.എ. യുടെ 23.04.2025 തീയതിയിലെ 541/VIP/M(R&H)/2025 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (2) ഉത്തരവ് പ്രകാരം 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയിരുന്ന പത്തനംതിട്ട ജില്ലയിലെ മൈലപ്ര പഞ്ചായത്തിലെ മൈലപ്ര - വലിയന്തി റോഡ് (ക്രമ നം.4), വള്ളിക്കോട് പഞ്ചായത്തിലെ തെങ്ങും പള്ളിൽപടി - പാലവിളപടി റോഡ് (ക്രമ നം.7) എന്നീ പ്രവൃത്തികളുടെ ഭരണാനുമതി റദ്ദ് ചെയ്തുകൊണ്ടും അതിന് പകരമായി പ്രസ്തുത ഭരണാനുമതി ചുവടെ ചേർത്തിട്ടുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്ക് മാറ്റി അനുവദിച്ചു കൊണ്ടും ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു. പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

| ക്രമ നം. | റോഡുകളുടെ പേര് | പഞ്ചായത്ത്/നഗരസഭ | അനുവദിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | കൊച്ചുതേക്കേതിപ്പടി - സെന്റ് പോൾസ് പടി | വള്ളിക്കോട് | 5 |
| 2 | ഒട്ടയ്ക്കൽ കിഴക്കേതിൽപ്പടി - വാല്ലാട്ടും മണ്ണിൽപ്പടി | വള്ളിക്കോട് | 5 |
| 3 | കുഴിപ്പതാലിൽപ്പടി - ചാപ്പൽപ്പടി റോഡ് | മൈലപ്ര | 10 |

പുതുതായി അനുവദിച്ച പ്രവൃത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമാണോ എന്ന് പത്തനംതിട്ട ജില്ലാകളക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും അനുവദനീയമായ പുനരുദ്ധാരണ പ്രവൃത്തിയുടെ നിർവ്വഹണം മാത്രമാണ് നടപ്പാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകളും കർശനമായും പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, പത്തനംതിട്ട
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി നം.DMB2/105/2025-DMD

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 02-06-2025 10:28:40
സെക്ഷൻ ഓഫീസർ

പകർപ്പ് : റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്